2. സമ്മേളനം, സെമിനാർ എന്നിവ നടത്തുന്നതിന് ഉതകുന്ന വിശാലമായ കോൺഫറൻസ് ഹാൾ.

3. കമേഴ്സ്യൽ സെന്റർ, കൾച്ചറൽ സെന്റർ, റിക്രിയേഷൻ സെന്റർ, തുടങ്ങിവയ്ക്കുള്ള സ്ഥിരം വേദികൾ.

4. കെട്ടിട നിർമ്മാണ സാമഗ്രികളുടെ പ്രദർശനം.

ന്യൂഡൽഹിയിൽ പ്രവർത്തിക്കുന്ന ഹാബിറ്റാറ്റ് സെന്ററിന്റെ മാതൃകയിലാണ് തിരുവനന്തപുരത്ത് ഹാബിറ്റാറ്റ് സെന്റർ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നത്.

(ബി) ഹാബിറ്റാറ്റ് സെന്റർ നിർമ്മാണത്തിനായി ഇതുവരെ ആരിൽ നിന്നും ധനസഹായം ബോർഡിന് ലഭിച്ചിട്ടില്ല. കേരള സർക്കാർ വിട്ടു തന്നിട്ടുള്ള 3.25 ഏക്കർ ഭൂമിയിൽ ഹഡ്കോയുടെ സാമ്പത്തിക സഹായം ലഭ്യമാക്കിക്കൊണ്ട് ബോർഡും ഹഡ്കോയും ചേർന്നുള്ള ഒരു സംയുക്ത സംരംഭമായിട്ടാണ് പ്രസ്തുത ഹാബിറ്റാറ്റ് സെന്റർ നടപ്പിലാക്കാനുദ്ദേശിക്കുന്നത്.

(സി) ഹാബിറ്റാറ്റ് സെന്റർ നിർമ്മാണത്തിനായി കേരള സർക്കാർ തിരുവനന്തപുരത്ത് കവടിയാറിൽ 3.25 ഏക്കർ സർക്കാർ ഭൂമി ഭവന നിർമ്മാണ ബോർഡിന് അനുവദിച്ച് ഉത്തരവായി. ഇതിന്റെ അസയിൻമെന്റ് നടപടികൾ പൂർത്തിയായി വരുന്നു. പ്രസ്തുത കേന്ദ്രത്തിന്റെ വിശദമായ പ്ലാനുകളും മറ്റും തയ്യാറാക്കുന്നതിനും, സാമ്പത്തിക അഭികാമ്യത പഠിക്കുന്നതിനും, പദ്ധതി ആസൂത്രണം ചെയ്യുന്നതിനും മറ്റുമായി ഹഡ്കോയുടെ ആഭിമുഖ്യത്തിൽ രൂപീകരിച്ചിട്ടുള്ള വിദഗ്ദ്ധ കമ്മിറ്റി നടപടികൾ എടുത്തു വരുന്നു. പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ട് പൂർത്തിയാക്കിയാൽ ഉടൻ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

(ഡി) ഇത്തരം ഒരു ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) സ്വീകരിക്കുന്നതാണ്.

ഭവനനിർമ്മാണ വായ്പാ പദ്ധതി

27 (624) ശ്രീ. എം. മുരളി :
ശ്രീ. വി. ഡി. സതീശൻ :
പ്രൊഫ. എ. ഡി. മുസ്തഫ :
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ :
ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻഗവൺമെന്റിന്റെ കാലത്ത് ത്രിതല പഞ്ചായത്തുകൾ മുഖേന വീടൊന്നിന് 12,500 രൂപ വീതം അടച്ചാൽ മുപ്പതിനായിരം രൂപ വീതം ഭവന നിർമ്മാണ വായ്പ നൽകാമെന്ന് വ്യവസ്ഥ ചെയ്യുന്ന ഒരു പദ്ധതിക്ക് രൂപം കൊടുത്തുവോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതനുസരിച്ച് പഞ്ചായത്തുകൾ എത്ര തുകയടച്ചു ;

(സി) ഈ തുക അന്നത്തെ ഗവൺമെന്റ് വകമാറ്റി ചെലവ് ചെയ്തുവോ ;

(ഡി) തൽസമയം ഹഡ്കോയിൽ നിന്ന് എത്ര തുക ഭവനനിർമ്മാണ വായ്പയായി ലഭിച്ചു ;

(ഇ) എത്ര പേർക്ക് വായ്പ നൽകാനാണ് ടി തുക നൽകിയത് ;

(എഫ്) മുൻ ഗവൺമെന്റിന്റെ കാലത്ത് പ്രസ്തുത തുകയിൽ നിന്നും എത്ര പേർക്ക് എന്തു തുക വായ്പയായി കൊടുത്തിട്ടുണ്ട് ;

(ജി) ബാക്കി തുക എന്താവശ്യത്തിനു ചെലവഴിച്ചു ;

(എച്ച്) ഹഡ്കോയിൽ നിന്നും ലഭിച്ച തുകയിൽ എത്രപേർക്ക് വായ്പ കൊടുക്കാതിരുന്നു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) മുൻ സർക്കാരിന്റെ കാലത്ത് മൈത്രി ഭവന ആനുിറ്റി നിക്ഷേപ പദ്ധതി പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വ്യക്തികൾ സന്നദ്ധ സംഘടനകൾ എന്നിവരിലാരെങ്കിലും ഗുണഭോക്താവിന്റെ തിരിച്ചടവിനുവേണ്ടി 12,500 രൂപ മുൻകൂറായി നിക്ഷേപിച്ചാൽ ഗുണഭോക്താവിന് 19,000 രൂപ വായ്പയും 9000 രൂപ സബ്സിഡിയും ഉൾപ്പെടെ 28,000 രൂപ തിരിച്ചടവില്ലാത്ത ധനസഹായമായി നൽകിയിരുന്നു. ബോർഡ് അനുവദിക്കുന്ന 28,000 രൂപയ്ക്ക് പുറമേ 1000 രൂപ വീതം സന്നദ്ധ സംഘടനയുടെയോ ഗുണഭോക്താവിന്റെയോ വിഹിതമായിരിക്കും.

(ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ 173.34 കോടി രൂപ ബോർഡിൽ അടച്ചു.

(സി) വകമാറ്റി ചെലവഴിച്ചിരുന്നു.

(ഡി-എച്ച്) മുൻ സർക്കാരിന്റെ കാലത്ത് ഹഡ്കോയിൽ നിന്നും മൈത്രി ഭവനനിർമ്മാണ പദ്ധതി പ്രകാരം 3.75 ലക്ഷം വീടുകൾ പണിയുന്നതിന് 712 കോടി രൂപ ബോർഡ് വായ്പ എടുത്തു. 2.3 ലക്ഷം വീടുകൾ പൂർത്തിയാക്കുകയും ഇതിനായി 437 കോടി രൂപ മാത്രം ചെലവാക്കുകയും ചെയ്തു. ബാക്കി 275 കോടി രൂപ മറ്റാവശ്യങ്ങൾക്കായി വകമാറ്റി ചെലവഴിച്ചു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും സന്നദ്ധ സംഘടനകളിൽ നിന്നും മറ്റും ആനുിറ്റി ഡെപ്പോസിറ്റായി ലഭിച്ച 217 കോടി രൂപയും വകമാറ്റി ചെലവഴിച്ചു. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ അപേക്ഷ നൽകിയിരുന്ന 1.45 ലക്ഷം ആളുകൾക്ക് വായ്പ ഗഡുക്കൾ നൽകുവാൻ കഴിഞ്ഞിരുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly